*വിചിന്തനം - ഒൻപതാം ആഴ്ച*

## സഹനത്തിന് ഉന്നതത്തിൽനിന്നുള്ള ശക്തി

നമുക്ക് അനുകരിക്കാൻ ഏറ്റവും ഉത്തമ മാതൃകയായ ക്രൂശിതനായ ഈശോയുടെ ചിത്രം (നമ്മുടെ ഹൃദയത്തിൽ) സജീവമാക്കിക്കൊണ്ട് ഈ ആഴ്ചയിലെ വിഷയത്തെപ്പറ്റി നമുക്കു ധ്യാനിക്കാം.

ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി ആളുകൾ വളരെയേറെ സഹിച്ച ഒറീസയിലെ കാൻഡമലിൽ വച്ചാണ് ഞാൻ ഈ ധ്യാനവിചിന്തനം തയ്യാറാക്കാൻ തുടങ്ങിയത്. 2008 ആഗസ്റ്റ് മാസം കാൻഡമലിലെ ഒരു ഗ്രാമത്തിൽ യാഥാസ്ഥികരുടെ (Fundamentalists) ക്രൂരമായ ആക്രമണത്തിനിടയിൽ നടന്ന ഒരു സംഭവം എന്നെ വളരെയധികം സ്പർശിച്ചു. അമ്പലമുറ്റത്തേക്ക് വലിച്ചിഴച്ചുകൊണ്ടുവന്നു. ഈശോയിലുള്ള വിശ്വാസം തള്ളിപ്പറഞ്ഞ് 'ജയ് റാം' എന്ന് പറയാൻ അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പക്ഷെ, അദ്ദേഹം 'ജയ് യേശു' എന്നാണ് ഉച്ചത്തിൽ വിളിച്ചു പറഞ്ഞത്. ഉടനെഅവർ അദ്ദേഹത്തിന്റെ വലതുകൈ ഛേദിച്ചു. വീണ്ടും 'ജയ് റാം' എന്ന് പറയാൻ അവർ ആവശ്യപ്പെട്ടെങ്കിലും 'ജയ് യേശു' എന്നാണ് അദ്ദേഹം വിളിച്ചു പറഞ്ഞത്. അപ്പോൾ അവർ അദ്ദേഹത്തിന്റെ ഇടതുകൈയും ഛേദിച്ചു. കൈകളും കാലുകളും വെട്ടിയശേഷം ശിരച്ഛേദനം ചെയ്യുന്നതുവരെ അവർ ഇതു തുടർന്നു. ഇത്ര കഠിനമായ വേദനയുടെയും സഹനത്തിന്റെയും നടുവിൽ അദ്ദേഹത്തിന് ഈശോയിലുള്ള തന്റെ വിശ്വാസം ഏറ്റു പറയാൻ സാധിച്ചത് എങ്ങനെയാണ്? സംശയമില്ല, അത് 'ഉന്നതത്തിൽനിന്നുള്ള ശക്തി' തന്നെ.

### സഹനത്തിന്റെ രക്ഷാകരശക്തി

ഒരുവൻ വിശുദ്ധനോ പാപിയോ ആകട്ടെ, ഏതെങ്കിലുമൊക്കെ തരത്തിലുള്ള സഹനം മനുഷ്യജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. നമ്മുടെ സ്വാഭാവിക പ്രവണതയാകട്ടെ എല്ലാ തരത്തിലുമുള്ള സഹനങ്ങളെയും ഇല്ലാതാക്കാനാണ്. പക്ഷെ, സഹനങ്ങളോടുള്ള നമ്മുടെ മനോഭാവം അവയെ ലാഭകരമോ നഷ്ടകരമോ ആക്കാം എന്നുള്ളതുകൊണ്ട് അവയെ സുവിശേഷത്തിന്റെയും, ദൈവീക പരിപാലനയുടെയും വെളിച്ചത്തിൽ കാണുക എന്നത് വളരെ പ്രധാനമാണ്. കാരണം, സഹനം നമ്മെ തകർക്കുകയോ ദൈവത്തിലേക്ക് അടുപ്പിക്കുകയോ ചെയ്യും. അത് ഒരുവനെനീരസവും ദു:ഖവും കൊണ്ട് നിറച്ച് തന്റെ അവസ്ഥയ്ക്ക് ദൈവത്തെ പഴിക്കുകപോലും ചെയ്യുന്നവനാക്കാം. നേരെ മറിച്ച്, ദൈവീകപരിപാലനയുടെ വഴികളെക്കുറിച്ച് കൂടുതൽ ബോധവാനാക്കുകയും ആവാം. ഒന്നുകിൽ തന്നോടുതന്നെയുള്ള സഹതാപത്തിലേക്ക് സഹനം ഒരുവനെഎത്തിക്കും; അല്ലെങ്കിൽ ലോകത്തിലേക്കിറങ്ങുന്ന അപ്പസ്തോലികവും രക്ഷാകരവുമായ പ്രവർത്തനങ്ങളിലേക്ക് അത് നയിക്കും.

സഹനത്തിന് അതിൽതന്നെ യാതൊരു വിലയുമില്ല. മറിച്ചായിരുന്നെങ്കിൽ, മനുഷ്യന്റെ സഹനം കുറയ്ക്കുന്നതിന് ഇത്രയധികം ആശുപത്രികളും ശുശ്രൂഷാ കേന്ദ്രങ്ങളും സഭ സ്ഥാപിക്കുകയില്ലായിരുന്നു. സഭ സഹനത്തെ അതിൽ തന്നെ മഹത്വീകരിക്കുന്നില്ല. എന്നാൽ

ദൈവഹിതപ്രകാരമുള്ള സഹനത്തെ സ്നേഹത്തോടെ സ്വീകരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഈശോയുടെ സഹനം 'പകരം നില്ക്കുന്ന' (substitutive) സഹനമാണ്. നമുക്കു പകരമുള്ള സഹനം, അത് രക്ഷാകരവുമാണ്. അതുകൊണ്ടാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 'നമ്മുടെ സഹനത്തിന്റെ അർത്ഥമെന്തെന്നുള്ളതിന് ഈശോ ഉത്തരം നല്കിയത് തന്റെ അദ്ധ്യാപനത്തിലൂടെ മാത്രമല്ല, അതിലൊക്കെ ഉപരി തന്റെ സഹനത്തിലൂടെയാണ്' എന്ന് പറഞ്ഞത്. ഈശോയുടെ പീഡാനുഭവത്തിൽ സഹനത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനോട് പുതുതായി ഒന്ന് കൂട്ടിച്ചേർക്കപ്പെട്ടു: അവിടുന്ന് 'അതിനെസ്നേഹത്തോട് ബന്ധപ്പെടുത്തി'. ഈശോയുടെ പീഡാനുഭവത്തിലൂടെ സഹനത്തിന് ഒരു പുതിയ മാനം കൈവന്നു. തന്റെ സഹനങ്ങളിൽ ജോബ് പറഞ്ഞതുപോലെ എന്റെ രക്ഷകൻ ജീവിച്ചിരിക്കുന്നു എന്നു ഞാനറിയുന്നു... (ജോബ്: 19: 25). ചുരുക്കത്തിൽ, ക്രിസ്തു തന്റെ രക്ഷാകരസഹനത്തിലൂടെ തന്റെ ഭൗതീകശരീരമായ സഭയുടെ അംഗങ്ങൾക്ക് ഒരു അനുഗ്രഹം നല്കി. അവിടുത്തെ പീഡാനുഭവത്തോട് ചേർത്ത് സ്വീകരിച്ച് കാഴ്ച വയ്ക്കുന്ന അവരുടെ സഹനങ്ങൾക്കെല്ലാം ഒരു രക്ഷാകരശക്തി അവിടുന്ന് പ്രദാനം ചെയ്തു. അങ്ങനെ, തന്റെ സഹനത്തിലൂടെ ഓരോ വ്യക്തിക്കും ക്രിസ്തുവിന്റെ രക്ഷാകര സഹനത്തിൽ പങ്കാളിയാകാം. (Pope John Paul II: Salvifici, Doloris, 17-20)

ദൈവപരിപാലനയുടെ ഭാഗമായി നമുക്ക് അവിടുന്നു അനുവദിക്കുന്ന സഹനങ്ങളെ പരാതികൂടാതെ സന്മനസ്സോടെ സ്വീകരിക്കുന്നതിലൂടെ നമ്മടോ മറ്റുള്ളവരോടോ പാപം വഴി വരുത്തിവച്ച കടങ്ങളുടെ ഒരു ഭാഗം വീട്ടാൻ നമുക്കു സാധിക്കും. കാരണം, തന്റെ ഭൗകികശരീരത്തിലെ ഒരാളുടെ കുറവ് നികത്താൻ മറ്റൊരാളെ ദൈവം കാരുണ്യപൂർവ്വം അനുവദിക്കുന്നു. വി. പൗലോസ് രക്ഷാകരസഹനത്തെപ്പറ്റി മനസ്സിലാക്കി ഇങ്ങനെഉദ്ഘോഷിക്കുന്നു. "നിങ്ങളെ പ്രതിയുള്ള പീഢകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടിവന്ന പീഢകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു". (കൊളോസോസ്. 1 : 24).

ജീസസ് യൂത്ത് കുടുംബാംഗങ്ങൾ എന്ന നിലയിൽ നമ്മുടെ സഹോദരീസഹോദര ന്മാരുടെ അനേകം ബലഹീനതകളെയും കുറവുകളെയുംകുറിച്ച് നാം അറിവുള്ളവ രായിരിക്കാം. ഈ ജൂബിലിവർഷത്തിൽ, പ്രത്യേകിച്ച് പന്തക്കുസ്താ ദിവസത്തെ പുന: സമർപ്പണത്തിനും പുന: സമാഗമത്തിനും നാം ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ഒരു കുടുംബമെന്നനിലയിൽ നമ്മുടെ പാപങ്ങളും പരാജയങ്ങളു മൊക്കെ വഴി വരുത്തിവച്ച കടങ്ങളുടെ ഒരു ഭാഗമെങ്കിലും തീർക്കാൻ ബോധപൂർവ്വകമായ ഒരു ശ്രമം

നടത്താൻ നമുക്കാവുമോ? അടുത്തയിടെ, ഒരു ഓപ്പറേഷനു വിധേയയായ ശേഷം വലിയ വേദനയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു യുവതിയുടെ കത്ത് വായിച്ച് എന്റെ കണ്ണുകൾ നിറഞ്ഞുപോയി. 'അച്ചാ, അച്ചന്റെ ഏതെങ്കിലും നിയോഗങ്ങൾ ക്കുവേണ്ടി എന്റെ വേദനയും സഹനങ്ങളും സമർപ്പിക്കേണ്ടതുണ്ടെങ്കിൽ എന്നെ അറിയിക്കണം. ലിസ്യുവിലെ വി.കൊച്ചുത്രേസ്യ മിഷനറിമാരോടുള്ള തന്റെ സ്നേഹത്തിന് വളരെ പ്രസിദ്ധയാണ്. അവളുടെ ഓരോ കൊച്ചു സഹനങ്ങളും, ത്യാഗങ്ങളും വേദനകളും മിഷനറിമാർക്കുവേണ്ടി സമർപ്പിക്കപ്പെട്ടപ്പോൾ അവയെല്ലാം പ്രവർത്തനങ്ങളായി മാറി. ഇന്ന് സഭ മിഷനറിമാരുടെ മദ്ധ്യസ്ഥയായി അവളെ ആദരിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

## പ്രാർത്ഥനയിൽനിന്ന് പ്രവൃർത്തിയിലേക്ക്

കൃപയുടെ ഈ ദിനങ്ങൾ തീക്ഷണമായ പ്രാർത്ഥനയിലേക്ക് മാത്രമല്ല പ്രവർത്തനങ്ങളിലേക്കും നമ്മെ വെല്ലുവിളിക്കുന്നതാകട്ടെ. ലോകസമാധാനത്തിനുവേണ്ടി നന്നായി പ്രാർത്ഥിക്കുന്ന ഞാൻ ഒരു പക്ഷെ എന്നെ ദ്രോഹിച്ചവരോട് ക്ഷമിക്കാൻ മടി കാണിച്ചെന്നുവരാം. പിന്നെ എങ്ങനെയാണ് ദൈവം ഈ ഭൂമിയിൽ സമാധാനം സ്ഥാപിക്കുന്നത്? നിരാശപ്പെട്ടിരിക്കുന്ന ഒരു സഹപ്രവർത്തകനെയോ സുഹൃത്തിനെയോ കണ്ടിട്ട് അവനുവേണ്ടി പ്രാർത്ഥിക്കുകമാത്രം ചെയ്ത് അവനോട് ഒന്നു സംസാരിക്കാൻ ഞാൻ കൂട്ടാക്കാതിരുന്നാൽ അവനെങ്ങനെയാണ് ദൈവത്തിന്റെ സ്നേഹംവും ശ്രദ്ധയും അനുഭവിച്ചറിയുന്നത്? പല സോഷ്യൽ നെറ്റ്വർക്കുകൾ വഴിയും ലോകമെങ്ങുമുള്ള നൂറുകണക്കിന് ജീസസ് യൂത്തുമായി എനിക്ക് ബന്ധമുണ്ടായിരിക്കാം; എന്നാൽ എന്റെ അടുത്തുള്ള ടീമുകളോടും മിനിസ്ട്രികളോടും ഒപ്പം ചിലവഴിക്കാൻ എനിക്കു സമയമുണ്ടോ? ഞാൻ വളരെ ജനസമ്മിതിയുള്ള ജീസസ്സ് യൂത്ത് ലീഡറോ, റിസോഴ്സോ ആയിരിക്കാം, എന്നാൽ എന്റെ കുടുംബത്തിലും ഓഫീസിലും കോളേജിലും ഞാൻ സമ്മതനാണോ? ശരിയാണ്, ഉന്നതത്തിൽ നിന്നുള്ള ശക്തി നമുക്ക് ആവശ്യമാണ്... ആ ബുദ്ധിമുട്ടുകളും, വേദനകളും, സഹനങ്ങളും, കുരിശുകളും ഏറ്റെടുക്കാൻ... ആ ഒരു മൈൽ ദൂരം കൂടുതൽ സഞ്ചരിക്കാൻ... പ്രവർത്തനങ്ങളിലേക്ക് നീങ്ങാൻ.... സത്യസന്ധമായി ജീവിക്കാൻ... നമ്മുടെപ്രാർത്ഥനകൾക്ക് ഫലം കിട്ടാൻ ....

Rev. Fr. Bitaju Mathew O.S.S.T.
Bangalore, India